പുരോഗമിച്ചുവരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ അഞ്ച് ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയുംചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു.

(സി) ഹൈടെക്ക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിംഗ്, റീടെയിൽ, സെക്യൂരിറ്റി, കൺസ്ട്രക്ഷൻ, നഴ്സിംഗ്, വ്യോമയാനം, ടൂറിസം, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം

248 (913) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനവ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ടോ ; ഓരോ വിഭാഗം ജീവനക്കാർക്കും നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയെന്ന് ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ മിനിമം വേതനം സർക്കാരിന്റെ 5-11-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ ടി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ഉത്തരവ് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനകൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് 2014 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ സ്ക്രാഡ് പരിശോധനകളിൽനിന്നും മിനിമം വേതനം നൽകാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് വരെ നടത്തിയ പരിശോധനയിൽ 30 സ്ഥാപനങ്ങൾക്കെതിരെ 1,49,54,800 രൂപയുടെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 9 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമം

249 (914) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) പ്രസ്തുത വിഭാഗം തൊഴിലാളികളുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് ഇവരെ സഹായിക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പരമ്പരാഗത വ്യവസായ മേഖലകളായ കശുവണ്ടി, കൈത്തറി, ബീഡി & സിഗാർ, കൈത്തൊഴിലാളി വിദഗ്ധ തൊഴിൽ, ഈറ്റ, കാട്ടുവള്ളി, തഴ എന്നീ തൊഴിൽ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധികൾ രൂപീകരിക്കുകയും ടി ക്ഷേമനിധി മുഖാന്തിരം പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് തൊഴിൽ വകുപ്പിൽ പ്രത്യേക പദ്ധതികളില്ല.

LIBRARY ARCHIVES Kerala Legislative Assembly